# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനത്തടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എസ്.ഡി./11/711/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 10/12/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനത്തടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എസ്.ഡി./11/711/2021 തീയ്യതി: 10/12/2021

## കാസർഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി.എൻ. | ഡെപ്യൂട്ടി ഡയരക്ടർ | 24-09-2021 | 11-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-09-2021 | 11-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

വിനീത് കുമാർ.കെ.പി -ഓഡിറ്റ് ഓഫീസർ (24.9.2021 to 30.9.2021)
വിനോദ് കുമാർ. വി -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (24.9.2021 to 29.9.2021)
രഘുനാഥൻ.കെ -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ് - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

കുഞ്ഞികൃഷ്ണൻ. കെ.സി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.ജി.മോഹനൻ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 10-11-2020 | 20-12-2020 |
| പ്രസന്ന പ്രസാദ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ബാലകൃഷ്ണൻ.കെ | സെക്രട്ടറി | 01-04-2020 | 10-03-2021 |
| ജോസ് അബ്രഹാം | സെക്രട്ടറി | 11-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോസ് അബ്രഹാം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 16-12-2020 |
| സുദീപ്. എസ് | അസിസ്റ്റന്റ് സെക്രട്ടറി | 17-12-2020 | 04-02-2021 |
| ജോസ് അബ്രഹാം | അസിസ്റ്റന്റ് സെക്രട്ടറി | 04-02-2021 | 31-03-2021 |
| ഹെറി തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| നീമ നഷാദ് അലി | കൃഷിഓഫീസർ | 01-04-2020 | 23-04-2020 |
| വിനോദിനി | കൃഷിഓഫീസർ | 23-04-2020 | 31-03-2021 |
| ഡോ.മാർക്ക് ജേകബ് | മെഡിക്കൽഓഫീസർ-PHC | 01-04-2020 | 02-04-2020 |
| ഡോ. മുഹമ്മദ് ആസിഫ്.കെ | മെഡിക്കൽഓഫീസർ-PHC | 03-04-2020 | 31-03-2021 |
| ശരണ്യ | ICDS സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| റാഷിദ്.പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഉഷ.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.അരുൺകുമാർ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.ദിലീപ് | മെഡിക്കൽഓഫീസർ-ആയുർവേദം | 01-04-2020 | 10-11-2020 |
| ഡോ.ദൃശ്യദാസ് | മെഡിക്കൽഓഫീസർ-ആയുർവേദം | 11-11-2020 | 31-03-2021 |
| ഡോ.ഷംന.പി.കെ | മെഡിക്കൽഫീസർ-GHD | 01-04-2020 | 31-03-2021 |
| ജയലക്ഷ്മി.കെ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-01-2021 |
| കല്യാണിനായർ | ഡയറിഫാം ഇൻസ്ട്രക്ടർ | 16-01-2021 | 31-03-2021 |
| (ഇല്ല) | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 26-11-2020 |
| വിജുല.കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 27-11-2020 | 31-03-2021 |
| ജോയിസ്ജോസഫ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vineeth Kumar K.P (Audit Officer, On 03-10-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 01-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 01-11-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 01-11-2021) | 1-2 |
| 3 | തനത് ഫണ്ട് അക്കൗണ്ട് നീക്കിയിരിപ്പ് - അപാകത<br>Written By: Vineeth Kumar K.P (Audit Officer, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-10-2021) | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Vineeth Kumar K.P (Audit Officer, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-10-2021) | 1-2-2 |
| 5 | ഇടപാടുകളില്ലാത്ത / നീക്കിയിരിപ്പില്ലാത്ത അക്കൗണ്ടുകൾ<br>Written By: Vineeth Kumar K.P (Audit Officer, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-10-2021) | 1-2-3 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Vineeth Kumar K.P (Audit Officer, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-10-2021) | 1-2-4 |
| 7 | ഇ.എം.എസ് ലോൺ - നീക്കിയിരിപ്പിലെ അപാകത<br>Written By: Vinod Kumar. V (Asst. Audit Officer, On 07-12-2021)<br>Last Updated By: Vinod Kumar. V (Asst. Audit Officer, On 07-12-2021) | 1-2-5 |
| 8 | തൊഴിലുറപ്പ് പദ്ധതി -നീക്കിയിരിപ്പിലെ വ്യത്യാസം<br>Written By: Vinod Kumar. V (Asst. Audit Officer, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-12-2021) | 1-2-6 |
| 9 | സാമ്പത്തിക വിശകലനം<br>Written By: Vineeth Kumar K.P (Audit Officer, On 04-10-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 04-10-2021) | 1-3 |
| 10 | വിവിധ ഫണ്ടുകളുടെ വിനിയോഗം<br>Written By: Vineeth Kumar K.P (Audit Officer, On 04-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 1-4 |
| 11 | പദ്ധതി അവലോകനം<br>Written By: Vineeth Kumar K.P (Audit Officer, On 04-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 09-12-2021) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vineeth Kumar K.P (Audit Officer, On 04-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 1-6 |
| 13 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-10-2021) | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-10-2021)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 02-10-2021) | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം<br>Written By: Vineeth Kumar K.P (Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-10-2021) | 1-9 |
| 16 | തൊഴിൽ നികുതി അപാകതകൾ.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-10-2021) | 1-10 |
| 17 | | 1-11 |

| | | |
|---|---|---|
| | ലൈസൻസ് ഫീസ്- പൊതു അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 25-11-2021) | |
| 18 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകിയില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 07-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-10-2021) | 1-12 |
| 19 | കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം<br>Written By: Vinod Kumar. V (Asst. Audit Officer, On 29-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 1-13 |
| 20 | കോർപ്പസ് ഫണ്ട് ഉപയോഗിച്ചിട്ടുള്ള പ്രവൃത്തികളിൽ നികുതികളും ക്ഷേമനിധി വിഹിതവും ഒടുക്കാൻ ബാക്കി<br>Written By: Vinod Kumar. V (Asst. Audit Officer, On 29-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 26-10-2021) | 1-14 |
| 21 | പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനുമുൻപേ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചു- അപാകത.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-10-2021) | 1-15 |
| 22 | തൊഴിലുറപ്പ് പദ്ധതി -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-10-2021) | 1-16 |
| 23 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-10-2021) | 1-17 |
| 24 | വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-10-2021) | 1-18 |
| 25 | ക്ഷേമ പെൻഷൻ പൊതു അപാകതകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 11-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-12-2021) | 1-19 |
| 26 | രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Jenu Kuriakkose (Senior Grade Auditor, On 23-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-10-2021) | 1-20 |
| 27 | വളർത്തുമൃഗങ്ങളെ കുറഞ്ഞ കാലയളവിലേക്കെ ഇൻഷുർ ചെയ്യുന്നുള്ളൂ<br>Written By: Jenu Kuriakkose (Senior Grade Auditor, On 23-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-10-2021) | 1-21 |
| 28 | ഹരിതഭവനം പദ്ധതി - കിണർ റീ-ചാർജ്ജിങ് എന്ന പ്രവൃത്തി മാത്രമായി നടപ്പിലാക്കി<br>Written By: Jenu Kuriakkose (Senior Grade Auditor, On 23-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-10-2021) | 1-22 |
| 29 | വീട് പുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Jenu Kuriakkose (Senior Grade Auditor, On 23-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-10-2021) | 1-23 |
| 30 | ഗോത്ര സാരഥി പദ്ധതി- നടത്തിപ്പിലെ അപാകതകൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 23-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 1-24 |
| 31 | ഹരിത കർമ്മ സേന കൺസോർഷ്യം<br>Written By: Jenu Kuriakkose (Senior Grade Auditor, On 23-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-10-2021) | 1-25 |

| | | |
|---|---|---|
| 32 | ഇ.എം.എസ്.ഭവന വായ്പ തിരിച്ചടവ് - നീക്കിയിരിപ്പിലും അധിക തുക ഒടുക്ക് വരുത്തിയത്<br>Written By: Raghunadhan. K (Asst. Audit Officer, On 07-12-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-10-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vineeth Kumar K.P (Audit Officer, On 04-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 05-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.<br>Written By: Vineeth Kumar K.P (Audit Officer, On 05-10-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 05-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Vineeth Kumar K.P (Audit Officer, On 05-10-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 09-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Vineeth Kumar K.P (Audit Officer, On 05-10-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 05-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vineeth Kumar K.P (Audit Officer, On 05-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 03-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 27-10-2021) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Vineeth Kumar K.P (Audit Officer, On 08-10-2021)<br>Last Updated By: Vineeth Kumar K.P (Audit Officer, On 08-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vineeth Kumar K.P (Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 10-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Vineeth Kumar K.P (Audit Officer, On 08-10-2021)<br>Last Updated By: T.N.Ajithan (Deputy Director, On 15-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റീച്ചർ | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം ചുവടെക്കൊടുക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണസമിതി തീരുമാനം, തീയതി | 19-03-2020 നമ്പർ 1/1 | 22-03-2021 നമ്പർ 1/1 |
| മുന്നിരിപ്പ് | 3884864 | 2341577 |
| വരവ് | 225142303 | 406358537 |
| ആകെ | 229027167 | 408700114 |
| ചെലവ് | 225614190 | 408285379 |
| നീക്കിയിരിപ്പ് | 3412977 | 414735 |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ

പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ധനകാര്യ പത്രിക 20.06.2021-ന് ഓഡിറ്റിന് സമർപ്പിച്ചിരുന്നു. ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പൊതുവായ നിരീക്ഷണങ്ങൾ, കണക്ക് സൂക്ഷിപ്പുമായി ബന്ധപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരിശോധന തുടങ്ങിയ പ്രധാന നിരീക്ഷണങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 തനത് ഫണ്ട് അക്കൗണ്ട് നീക്കിയിരിപ്പ് - അപാകത

പനത്തടി സർവ്വീസ് കോ-ഓപ്പറേറ്റിവ് ബാങ്കിലെ (തനത് ഫണ്ട് അക്കൗണ്ട് നം.5171) 31.3.2021 ലെ നീക്കിയിരിപ്പ് പാസ്സ് ബുക്ക് പ്രകാരം 1748021/- രൂപയാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് തുക 1485836/-രൂപയാണ്. വ്യത്യാസം 262185/- രൂപ. ഇതിൽ 3000/- രൂപ ചെക്ക് ഡെപ്പോസിറ്റ് ചെയ്തത് കളക്ഷൻ ആവാത്തതാണ്. ഈ ചെക്കിന്റെ വിശദവിവരം പരിശോധിച്ചപ്പോൾ ചെക്ക് നം.202112 /തിയ്യതി 31.3.2017 ആണ്. അതായത് 2017 ൽ സമർപ്പിച്ച ചെക്കാണ് കളക്ഷൻ ആയില്ല എന്ന രീതിയിൽ റീക്കൺസിലേഷനിൽ കാണിച്ചിരിക്കുന്നത്. അതുപോലെ 265185/- രൂപ 24 ചെക്കുകളിലാണ് ബാങ്കിൽ മാറാൻ സമർപ്പിക്കാത്ത ചെക്കുകളായി കാണിച്ചിരിക്കുന്നത്. ഈ ചെക്കുകൾ 2021 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഇഷ്യൂ ചെയ്തതാണ്. നിലവിൽ ചെക്ക് മാറിയിട്ടില്ല, 6 മാസം കാലാവധി കഴിഞ്ഞിരിക്കയാണ്.

### 1-2-2 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ , കണ്ടിജന്റ് ബാധ്യതകൾ , ധനസഹായ റിപ്പോർട്ടുകൾ , മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി

വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

**1-2-3 ഇടപാടുകളില്ലാത്ത / നീക്കിയിരിപ്പില്ലാത്ത അക്കൗണ്ടുകൾ**

നിലവിൽ 23 ബാങ്ക് / ട്രഷറി അക്കൗണ്ടുകളാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്, ഇതിൽ 13 ബാങ്ക് /ട്രഷറി അക്കൗണ്ടുകളിൽ കൂടിയാണ് ഇടപാടുകൾ നടക്കുന്നത്. മറ്റ് 10 ബാങ്ക് / ട്രഷറി അക്കൗണ്ടുകളിൽ 31.3.2021 ന് നീക്കിയിരിപ്പില്ല. ഈ അക്കൗണ്ടുകൾ നിലവിൽ ഗ്രാമ പഞ്ചായത്ത് ഉപയോഗിക്കാത്തവയാണ്. ഇടപാടുകളില്ലാത്ത ഈ അക്കൗണ്ടുകൾ പ്രത്യേകമായി സൂക്ഷിക്കേണ്ടതില്ലെങ്കിൽ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-2-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. തനത് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ മൂല്യം ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല. സ്ഥാപനത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളുടെയും മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന്റെ യഥാർത്ഥത്തിലുള്ള ആസ്തിമൂല്യം വാർഷിക കണക്കിൽ പ്രതിഫലിപ്പിക്കുന്നില്ല.

**1-2-5 ഇ.എം.എസ് ലോൺ - നീക്കിയിരിപ്പിലെ അപാകത**

2020-21 വർഷത്തിൽ ഇ.എം.എസ്.ഭവന വായ്പ തിരിച്ചടവിനത്തിൽ അവശേഷിക്കുന്ന തുക ₹13,03,860 ആയിരുന്നു. എന്നാൽ പഞ്ചായത്തിന്റെ 3/2021 , 300/2021 (GO Project) പദ്ധതികൾ പ്രകാരം ₹12,72,951 വീതം ആകെ 25,45,902 രൂപ തിരിച്ചടവുണ്ടായിട്ടുണ്ട്. അതായത് പഞ്ചായത്തിന് 12,42,042 രൂപയുടെ (25,45,902 - 13,03,860) അധിക ചെലവ് സംഭവിക്കുകയുണ്ടായി. അതിനാൽ ഇ.എം.എസ്.ഭവന വായ്പ തിരിച്ചടവിനത്തിലെ നീക്കിയിരിപ്പ് പൂജ്യമാകേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ B5 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ₹30,909 കാണിച്ചിട്ടുണ്ട്. ഇത് ക്രമീകരിക്കേണ്ടതാണ്.

**1-2-6 തൊഴിലുറപ്പ് പദ്ധതി -നീക്കിയിരിപ്പിലെ വ്യത്യാസം**

തൊഴിലുറപ്പ് പദ്ധതിയിലെ നീക്കിയിരിപ്പ് തുക, റസീറ്റ് & പേമെന്റ് അക്കൗണ്ടിലെ 40 (B) പ്രകാരം 81,500 രൂപയും, ബാലൻസ് ഷീറ്റിലെ B17 പ്രകാരം 89,682 രൂപയുമാണ്. വ്യത്യാസം 8,182 രൂപ. ഇവ പൊരുത്തപ്പെടാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

**1-3 സാമ്പത്തീക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 26051392 |
| വരവ് | 125768364 |
| ആകെ | 151819756 |
| ചെലവ് | 129775666 |
| നീക്കിയിരിപ്പ് | 22044090 |

**1-4 വിവിധ ഫണ്ടുകളുടെ വിനിയോഗം**

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 14422718 | 14422718 | 13770003 | 652715 | 95.47 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 762018 | 762018 | 730850 | 31168 | 95.90 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 18928259 | 18928259 | 17302520 | 1625739 | 91.41 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 17570000 | 17570000 | 17502161 | 67839 | 99.61 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 5356270 | 5356270 | 4797684 | 558586 | 89.57 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13846785 | 13846785 | 10354849 | 3491936 | 74.78 |
| ആകെ | 0 | 70886050 | 70886050 | 64458067 | 6427983 | |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹ 3040657 (ജനറൽ) , ₹ 2106432 (ടി.എസ്.പി) ₹ എസ്.സി.പി. എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 57 പ്രൊജക്ടുകളിലായി 13797381 രൂപ അടുത്ത സാമ്പത്തിക വർഷം ക്യൂ ബിൽ ആയി മാറിയിട്ടുണ്ട്.)

<u>ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം</u>

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 12298349 | 12298349 | 12298349 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 616809 | 616809 | 616809 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 13221757 | 13221757 | 13221757 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 9763176 | 9763176 | 9763176 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 3835434 | 3835434 | 3835434 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9561949 | 9561949 | 9561949 | 0 |
| | | | | | |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 0 | 0 | 0 | 0 |
| വിവാഹ ധന സഹായം | 0 | 90000 | 90000 | 90000 | 0 |
| നെല്ലുല്പാദക ബോണസ്സ് | 0 | 0 | 0 | 0 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 1217000 | 1217000 | 1217000 | 0 |
| ടി.എസ്.ബി ജനറൽ പർപ്പസ് അക്കൗണ്ട് * | 0 | 8003700 | 8003700 | 8003700 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 6132448 | 1982000 | 8114448 | 7122161 | 992287 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് പഞ്ചായത്ത്) | 3288572 | 4883106 | 8171678 | 6390771 | 1780907 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 66382 | 1293424 | 1359806 | 1278306 | 81500 |
| വെസ്റ്റേൺ ഗാട്ട് | 34104 | 18320 | 52424 | 40060 | 12364 |
| ഐ.സി.ഡി.എസ് കേന്ദ്ര | 1840357 | 800526 | 2640883 | 2043941 | 596942 |

| | | | | | |
|---|---|---|---|---|---|
| വിഹിതം | | | | | |
| പൈക്ക | 0 | 0 | 0 | 0 | 0 |
| മറ്റ് കേന്ദ്ര ഗ്രാന്റുകൾ | 3653186 | 123290 | 3776476 | 841095 | 2935381 |
| ടോട്ടൽ സാനിറ്റേഷൻ | 3067727 | 0 | 3067727 | 0 | 3067727 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 170000 | 0 | 170000 | 0 | 170000 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 94805 | 0 | 94805 | 0 | 94805 |
| വിമുക്തി | 54000 | 0 | 0 | 0 | 54000 |
| കേരളോത്സവം | 0 | 0 | 0 | 0 | 0 |
| ജല നിധി | 0 | 0 | 0 | 0 | 0 |
| മറ്റുള്ളവ | 8658464 | 0 | 8658464 | 5893900 | 2764564 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 243838425 | 171 | 103743052 | 17 | 31 | 78 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 28 | 16579459 | 20 | 9946560 | 59.99 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 7129570 | 10 | 5625915 | 78.91 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 117 | 44259004 | 93 | 32674597 | 73.83 |
| 4 | കൃഷി ഓഫീസർ | 16 | 5914076 | 14 | 3622812 | 61.26 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 146352489 | 12 | 32949921 | 22.51 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4208100 | 5 | 3951954 | 93.91 |
| 7 | വെറ്റിനറി സർജ്ജൻ | 9 | 3333500 | 9 | 2589586 | 77.68 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 700000 | 1 | 700000 | 100 |
| 9 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 9 | 5908860 | 7 | 4841340 | 81.93 |
| 10 | പ്രധാനാധ്യാപകൻ | 4 | 1589420 | 4 | 1589420 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ഡയറി ഫാം ഇൻസ്പക്ടർ | 2 | 5250947 | 2 | 5250947 | 100 |
| 12 | ഫിഷറീസ് | 3 | 2613000 | 0 | 0 | 0 |
| | ആകെ | 219 | 243838425 | 178 | 103743052 | 42 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 66382 | 1293424 | 1359806 | 1278306 | 81500 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 98936975 | 98936975 | 98936975 | 0 |
| ആകെ | 66382 | 100230399 | 100296781 | 100215281 | 81500 |

(കൂടാതെ 100 ദിനം തൊഴിൽ എടുത്തവർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 1217000/- രൂപയും തൻ വർഷം വിനിയോഗിച്ചിട്ടുണ്ട്)

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 2549 പദ്ധതികളുൾപ്പെടുന്ന 406566590/- കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 226 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 259702 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1217കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമ പഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2169400 | 176 |
| വിധവാപെൻഷൻ | 18487600 | 1314 |
| വാർദ്ധക്യകാലപെൻഷൻ | 23052300 | 1952 |
| വികലാംഗപെൻഷൻ | 3992300 | 291 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 557300 | 41 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.09.2021 തീയ്യതിയിൽ 3.20 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ

സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 583/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

01.01.2016 ലെ ഉത്തരവ് നം. എ1/ 13689/2014 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടി ചേർക്കലുകളുണ്ടായിട്ടുണ്ട്. ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ജീവനക്കാരുടെ ഹാജർ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. ബജറ്റ് വിശദാംശങ്ങൾ ഭരണസമിതി മിനിട്സിൽ രേഖപ്പെടുത്തുന്നില്ല. ബജറ്റ് അംഗീകരിച്ചു എന്ന ഒറ്റവരി തീരുമാനം മാത്രമാണ് ഭരണസമിതി മിനിട്സിൽ രേഖപ്പെടുത്തിക്കാണുന്നത്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല.

## 1-10 തൊഴിൽ നികുതി അപാകതകൾ.

2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപനത്തിലെ ഓഫീസ് മേധാവി / സ്ഥാപന ഉടമ സമർപ്പിക്കുന്ന റിട്ടേൺസ് എന്നീവ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെകൊടുക്കുന്നു.

### 1) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധ വാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | എസ്.ബി.ഐ. ബളാംതോട് | 2020-21 ഒന്നും, രണ്ടും അർദ്ധവർഷം |
| 2 | ബി.എസ്.എൻ.എൽ. | 2020-21 ഒന്നും, രണ്ടും അർദ്ധവർഷം |
| 3 | മാവേലി സ്റ്റോർ കോളിച്ചാൽ | 2020-21 ഒന്നും, രണ്ടും അർദ്ധവർഷം |
| 4 | മാവേലി സ്റ്റോർ | 2020-21 ഒന്നും, രണ്ടും |

| | | |
|---|---|---|
| | ബളാംതോട് | അർദ്ധവർഷം |

**2) <u>അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ ഈടാക്കിയിട്ടില്ല.</u>**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204(Ii)എ(I)വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് താമസക്കാരായ ചുവടെ ചേർത്ത അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | തൊഴിൽ നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | എ.കെ.ശശി<br>അത്തിക്കയം<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21<br>ഒന്നും,രണ്ടും<br>അർദ്ധവർഷം. |
| 2 | ജി.എസ് രാജീവ്<br>സാജാമന്ദിർ<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21<br>ഒന്നും,രണ്ടും<br>അർദ്ധവർഷം. |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**<u>3)പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>**

2020-21 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന വിവിധ കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ പ്രകാരം പേജ് നമ്പർ | കച്ചവട സ്ഥാപനത്തിന്റെ കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും / വിലാസവും |
|---|---|---|---|
| 1 | 32 മുതൽ 35 വരെ | V11/546<br>V11/547<br>V11/548<br>V11/549 | ജെയിൻ ജേക്കബ്<br>നെല്ലിക്കുന്ന് |
| 2 | 36 | VII/550 | സുരേഷ്.എ.എൻ |

**<u>4)കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>**

പഞ്ചായത്ത് പ്രദേശത്ത് വിവിധ കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡി,&ഒ.ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമ നമ്പർ | കച്ചവട സ്ഥാപനത്തിന്റെ കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും/ വിലാസവും |
|---|---|---|---|
| 1 | 92/2020-21 | III/203 | സതീഷ് ജോസഫ് ചക്കാംകുന്നേൽ മാലക്കല്ല് |
| 2 | 109/2020-21 | VIII/521 | അനീഷ് കുമാർ എ.എൻ അരുണാചലം പാണത്തൂർ |
| 3 | 217/2020-21 | VII/571ABCD | സുരേഷ് കുമാർ |

**5) <u>ക്ഷാമ ബത്ത കണകാക്കാതെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത -</u>**

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ,സെക്ഷൻ 204(3)പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടകബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള മൊത്ത വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിക്കേണ്ടത്. അർദ്ധവർഷത്തെ അടിസ്ഥാന ശമ്പളവും, ക്ഷാമബത്തയും, ബോണസ്/ഉത്സവബത്തയും ഉൾപ്പെടുത്തിയാണ് ആകെ വരുമാനം കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ ചില ജീവനക്കാരിൽ നിന്നും ക്ഷാമബത്ത ഉൾപ്പെടുത്താതെയാണ് സ്ഥാപനത്തിലെ ഓഫീസ് മേധാവി/സ്ഥാപന ഉടമ സമർപ്പിക്കുന്ന റിട്ടേണുകളിൽ ജീവനക്കാരുടെ അർദ്ധവർഷത്തെ അടിസ്ഥാന ശമ്പളം മാത്രം രേഖപ്പെടുത്തിയാണ് തൊഴിൽ നികുതി നിർണ്ണയിച്ച് നികുതി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ളതായി തൊഴിൽ നികുതി റിട്ടേൺസ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്/സ്ഥാപനത്തിന്റെ പേര് | ഉദ്യോഗ പേര് |
|---|---|---|
| 1 | നളിനി.കെ വെറ്ററിനറി ഡിസ്പെൻസറി ബളാംതോട് | അറ്റൻഡർ |
| 2 | സജിത് പി.കെ വെറ്ററിനറി ഡിസ്പെൻസറി ബളാംതോട് | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ |
| 3 | വേലായുധൻ കെ ഹോമിയോ ഡിസ്പെൻസറി ബളാംതോട് | അറ്റൻഡർ |

മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ (6 മാസത്തെ ക്ഷാമബത്ത) ക്ഷാമബത്ത ഉൾപ്പെടുത്താതെ തൊഴിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**6)ശാരീരിക അവശത സ്ഥിതീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല**

2020-21 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി പരിശോധനയിൽ ഹാജരാക്കിയ റിട്ടേണുകൾ പരിശോധിച്ചതിൽ ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയതായി കാണുകയുണ്ടായി. എന്നാൽ ശാരീരിക അവശത സ്ഥിതീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേൺസിനൊപ്പം ചേർത്തു വെച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം |
|---|---|---|
| 1 | ഭാസ്കരൻ പി ഫാർമിസ്റ്റ് | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി പനത്തടി |
| 2 | ദീപേഷ് വി.വി യു.പി സ്കൂൾ അസിസ്റ്റന്റ് | ഗവൺമെന്റ് വെൽഫെയർ ഹൈസ്കൂൾ പാണത്തൂർ |
| 3 | സുരേഷ് പി.എസ് നേഴ്സിംഗ് അസിസ്റ്റന്റ് | പി എച്ച് സി പാണത്തൂർ |

തൊഴിൽ പരിശോധനയിൽ കണ്ടെത്തിയ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.04/05.10.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല.

**1-11 ലൈസൻസ് ഫീസ്- പൊതു അപാകതകൾ**

ലൈസൻസ് ഫീസ് –അപാകതകൾ താഴെ കൊടുക്കുന്നു.

(1) 2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക

രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. മൂലധന നിക്ഷേപം അടിസ്ഥാനമാക്കാതെ പ്രതിദിന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തന്നെ ലൈസൻസ് ഫീസ് ഈടാക്കുകയാണ് ഉണ്ടായത്. ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിക്കാത്തതിനു വിശദീകരണം ആവശ്യമാണ്.

<u>2) ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.</u>

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ 15 വാർഡുകളിലായി ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 393കച്ചവട സ്ഥാപനങ്ങളാണ് പ്രവർത്തിച്ച് വരുന്നത്. 2020-21 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ലൈസൻസ് വരുമാനം 1,07,700/- രൂപയാണ്. എന്നാൽ പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം 1255 വാണിജ്യ കെട്ടിടങ്ങളുണ്ട്. ഈ കണക്കുകൾ അനുസരിച്ച് ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. 1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ് അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.07/05.10.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല.

## <u>1-12 ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകിയില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നം.0039/2020-21 – ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ

1. 7,00,000/-രൂപ - പ്ലാൻ ജനറൽ - ചെലവ് - 7,00,000/-രൂപ

2. 1,75,000/-രൂപ - ബ്ലോക്ക് ഷെയർ - ചെലവ് - 1,75,000/-രൂപ

3. 1,75,000/-രൂപ – ജില്ലാ പഞ്ചായത്ത് ഷെയർ - ചെലവ് - 1,39,400/-രൂപ

ആകെ അടങ്കൽ - 10,50,000/-രൂപ

ആകെ ചെലവ് - 10,14,000/-രൂപ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി – ധനസഹായം – അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(കൈ)നം.22/2018/ ത.സ്വ.ഭ.വ.,തീയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സഹായങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും വാർഷിക ബത്തയും ഉൾപ്പെടെ ഏറ്റവും താഴ്ന്ന ക്ലാസ്സിൽ പഠിക്കുന്നവർക്ക് മിനിമം 5300/- രൂപയും

മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതി വർഷം 28500/- രൂപയ്ക്ക് വരെയും ധന സഹായത്തിന് അർഹതയുണ്ട്.

ഈ മേഖലയെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് ഇല്ലാത്തതിനാൽ എത്ര പേർ പഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരായി ഉണ്ട് എന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. 2020-21 വർഷം 65 ഗുണഭോക്താക്കൾക്കാണ് മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുള്ളത്. ആകെ 10,14,000/-രൂപയാണ് ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ളത്. മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് മാത്രം പരമാവധി ഒരുവർഷം 28,500/- രൂപ നിരക്കിൽ ആകെ 18,52,500/- രൂപ സ്കോളർഷിപ്പിന് അർഹതയുണ്ട് എന്നിരിക്കെയാണ് 65 ഗുണഭോക്താക്കൾ വേണ്ടി 10,50,000/- രൂപ മാത്രം അടങ്കലായി പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയത്. തുടർ വർഷങ്ങളിൽ മേഖലയെ സംബന്ധിച്ച കൃത്യമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയത് പ്രകാരം ഭിന്നശേഷിയിൽപ്പെട്ട അർഹരായവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നൽകാൻ കഴിയുന്ന മുഴുവൻ സഹായങ്ങൾക്കും ആവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചിട്ടില്ല- പിഴ തുക ഈടാക്കാത്തതിനാൽ നഷ്ടം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ച് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ലഭിച്ച കരാറുകാർ സെലക്ഷൻ നോട്ടീസുകളുടെ/ലെറ്റർ ഓഫ് ആക്സപ്റ്റൻസിന്റെ രജിസ്റ്റേർഡ് തപ്പാൽ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ ടെണ്ടറിംഗ് അധികാരിയുമായി കരാർ ചമച്ചിരിക്കേണ്ടതാണ്. എന്നാൽ ഈ 14 ദിവസങ്ങൾക്കുള്ളിൽ കരാർ ചമക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴയോടു കൂടി (കുറഞ്ഞത് 1000/- രൂപ, കൂടിയത് 25,000/- രൂപ) അടുത്ത 10 ദിവസങ്ങൾക്കുള്ളിൽ കരാർ ചമയ്ക്കാവുന്നതാണ്. പിഴ കൂടാതെയുള്ള 14 ദിവസങ്ങൾക്കും പിഴയോടു കൂടി കരാർ വയ്ക്കാവുന്ന 10 ദിവസങ്ങൾക്കുമുള്ളിൽ കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ ടെണ്ടറിംഗ് അധികാരിക്ക് ടെണ്ടർ ക്യാൻസൽ ചെയ്യാവുന്നതും വീഴ്ച വരുത്തിയ കരാറുകാരന്റെ ഇ.എം.ഡി തുക കണ്ടു കെട്ടാവുന്നതുമാണ്. തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തി ആ ബിഡ്ഡർ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്കിൽ പ്രവൃത്തി ചെയ്യാൻ സന്നദ്ധനാണെങ്കിൽ അപ്രകാരം ചെയ്യാവുന്നതും അല്ലെങ്കിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

എന്നാൽ 2020-21 വർഷം നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് പിഴ കൂടാതെ കരാറിൽ ഏർപ്പെടാവുന്ന കാലയളവും പിന്നിട്ട ശേഷമാണ്. ചില പ്രവൃത്തികളിൽ കരാറുകാരുമായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിയമപരമായി കരാറിൽ ഏർപ്പെടാവുന്ന സമയത്തിനു ശേഷവും ഈ കരാറുകാരുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നു.

നോട്ടിഫൈ ചെയ്ത 14 ദിവസങ്ങൾക്ക ശേഷമുള്ള കരാർ ആയതിനാൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ചുള്ള പിഴ ഈടാക്കിക്കൊണ്ട് മാത്രമേ കരാറിൽ ഏർപ്പെടാമായിരുന്നുള്ളൂ. എന്നാൽ പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, കരാർ തുക, കരാർ നം, തിയതി | സെലക്ഷൻ നോട്ടീസ് നമ്പർ, തിയതി രജിസ്റ്റർ ചെയ്ത തിയതി | പിഴയില്ലാതെ കരാർ വയ്ക്കാമായിരുന്ന തിയതി | കരാർ തിയതി | ഈടാക്കേണ്ട പിഴ തുക |
|---|---|---|---|---|---|
| 1 | 0232/20-21, ചാമുണ്ഡിക്കുന്ന് വാതിൽമാടി റോഡ് മെയിന്റനൻസ്<br>കരാറുകാരൻ- എ.കെ.ശശി<br>കരാർ നം, തിയതി- 49/19-20, തിയതി 27.01.2020<br>കരാർ തുക- 5,23,686 | നമ്പർ 256/ 19-20, തിയതി 28.11.2019<br>രജിസ്റ്റർ ചെയ്ത തിയതി - ഇല്ല (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 12.12.2019 | 27.01.2020 | 5,237 |
| 2 | 0209/20-21, കുറിഞ്ഞി താഴേ കാപ്പിത്തോട്ടം റോഡ് ടാറിംഗ്<br>കരാറുകാരൻ - റെജി ജോസഫ്<br>കരാർ നം, തിയതി- AE//PDY/37/ 2019-20, 18.12.2019 കരാർ തുക- 3,12,217 | നമ്പർ 71/19, തിയതി 01.11.2019<br>രജിസ്റ്റർ ചെയ്ത തിയതി- ഇല്ല (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 15.11.2019 | 18.12.2019 | 3,122 |
| 3 | 0158/20-21, ശിവപുരം ഉമ്പോടി റോഡ് ടാറിംഗ്<br>കരാറുകാരൻ- രാജീവ് ജി.എസ്<br>കരാർ നം, തിയതി- 33/2019-20, 31.12.2019 കരാർ തുക- 2,19,946 | നമ്പർ 24/20, തിയതി 27.11.2019 രജിസ്റ്റർ ചെയ്ത തിയതി- ഇല്ല (രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 11.12.2019 | 31.12.2019 | 2,199 |
| 4 | 0184/20-21, നെല്ലിത്തോട് അംബേദ്കർ പുളിംകൊച്ചി റോഡ് മെയിന്റനൻസ്<br>കരാറുകാരൻ - റെജി ജോസഫ്<br>കരാർ നം, തിയതി- AE/PDY/44/ 2019- | നമ്പർ 259/19, തിയതി 27.11.2019<br>രജിസ്റ്റർ ചെയ്ത തിയതി- ഇല്ല<br>(രജിസ്റ്റേർഡ് പോസ്റ്റ് അക്നോളഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 11.12.2019 | 27.01.2020 | 3,120 |

| | | | | | |
|---|---|---|---|---|---|
| | 20, 27.01.2020<br>കരാർ തുക- 3,12,016 | | | | |
| 5 | പ്രോജക്ട് നം- ഇല്ല<br>പ്രവൃത്തി- ചാമുണ്ഡിക്കുന്ന് പടിഞ്ഞാറേ തുമ്പോടി എസ്.ടി കോളനി റോഡ് ടാറിംഗ് (കോർപ്പസ് ഫണ്ട്)<br>കരാറുകാരൻ- ശ്രീ.എ.കെ.ശശി<br>കരാർ നം, തിയതി- 5/2019-20, 15.07.2019<br>കരാർ തുക- 19,53,000 | നമ്പർ കോർപ്പസ്/19, തിയതി 31.05.2019<br>രജിസ്റ്റർ ചെയ്ത തിയതി- ഇല്ല<br>(രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 14.06.2019 | 15.07.2019 | 19,530 |
| 6 | പ്രോജക്ട് നം- ഇല്ല<br>പ്രവൃത്തി- നെല്ലിക്കുന്ന് പട്ടികവർഗ കോളനി കുടിവെള്ള പദ്ധതി<br>കരാറുകാരൻ- ശ്രീ.ജി. എസ്.രാജീവ്<br>കരാർ നം, തിയതി- AE/73/ 2018-19, 07.03.2019<br>കരാർ തുക- 10,62,049 | നമ്പർ<br>ടെണ്ടർ 5/19, തിയതി 15.02.2019<br>രജിസ്റ്റർ ചെയ്ത തിയതി- ഇല്ല<br>(രജിസ്റ്റേർഡ് പോസ്റ്റ് അക്നോള ഡ്ജ്മെന്റ് ഫയലിൽ ഇല്ല) | 01.03.2019 | 07.03.2019 | 10,620 |
| | | ആകെ | | | 43,828 |

ഫൈൻ തുക ഈടാക്കാതെ കരാർ ചമയ്ക്കാനിടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2, തിയതി 29.09.2021) മറുപടി നൽകിയിട്ടില്ല. ആയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം മേൽ പ്രവൃത്തികളിൽ കരാറുകാരുമായി കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-14 കോർപ്പസ് ഫണ്ട് ഉപയോഗിച്ചിട്ടുള്ള പ്രവൃത്തികളിൽ നികുതികളും ക്ഷേമനിധി വിഹിതവും ഒടുക്കാൻ ബാക്കി

പട്ടികവർഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ രണ്ടു പ്രവൃത്തികളുടെ അന്തിമ ബില്ലുകൾ 2020-21 വർഷം നൽകിയിട്ടുണ്ട്. എന്നാൽ ഈ ബില്ലുകളിൽ കരാറുകാർക്കുള്ള തുക നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തികൾക്ക് ബാധകമായ ജി.എസ്.ടി, ആദായ നികുതി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ നാളിതു വരെ ഒടുക്കിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് വിശദാംശങ്ങൾ | അന്തിമ ബില്ലിന്റെ വിവരങ്ങൾ | ഒടുക്കേണ്ടിയിരുന്ന നികുതികൾ |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | പ്രോജക്ട് നം- ഇല്ല<br>പ്രവൃത്തി- ചാമുണ്ഡിക്കുന്ന് പടിഞ്ഞാറേതുമ്പോടി പട്ടിക വർഗ്ഗ കോളനി റോഡ് ടാറിംഗ്<br>കരാറുകാരൻ- ശ്രീ.എ.കെ.ശശി<br>ഫണ്ട്- 21,60,000 (കോർപ്പസ് ഫണ്ട്)<br>ചെലവ്- ചെക്ക് നം.5643786, തിയതി 29.06.2020- 18,62,787 രൂപ (കരാറുകാരന് നൽകിയ നെറ്റ് തുക) | ആകെ പ്രവൃത്തി മൂല്യം- 19,40,403 രൂപ<br>(-) നികുതികൾ, ക്ഷേമനിധി വിഹിതം- 77,616 രൂപ<br>നെറ്റ് തുക കരാറുകാരന്- 18,62,787 രൂപ | ആദായ നികുതി- 1 %- 19,404<br>സി.ജി.എസ്.ടി- 1%- 19,404<br>എസ്.ജി.എസ്.ടി- 1%-<br>19,404<br>നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം- 1%- 19,404<br>ആകെ- 77,616 രൂപ |
| 2 | പ്രോജക്ട് നം- ഇല്ല<br>പ്രവൃത്തി- നെല്ലിക്കുന്ന് പട്ടികവർഗ കോളനി കുടിവെള്ള പദ്ധതി<br>കരാറുകാരൻ- ശ്രീ.ജി.എസ്.രാജീവ്<br>ഫണ്ട്- 11,50,000 (കോർപ്പസ് ഫണ്ട്)<br>ചെലവ്- ചെക്ക് നം.5543787, തിയതി 09.07.2020- 10,45,355 രൂപ (കരാറുകാരന് നൽകിയ നെറ്റ് തുക) | ആകെ പ്രവൃത്തി മൂല്യം- 10,88,911<br>(-) നികുതികൾ, ക്ഷേമനിധി വിഹിതം- 43,556<br>നെറ്റ് തുക കരാറുകാരന്- 10,45,355 രൂപ | ആദായ നികുതി- 1 %- 10,889<br>സി.ജി.എസ്.ടി- 1%- 10,889<br>എസ്.ജി.എസ്.ടി- 1%-<br>10,889<br>നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം- 1%- 10,889<br>ആകെ- 43,556 രൂപ |

മേൽ പ്രവൃത്തികളിൽ ബാധകമായ നികുതി തുകകൾ അതാത് സ്ഥാപനങ്ങളിലേക്കും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം കേരള നിർമാണ തൊഴിലാളി ക്ഷേമനിധിബോർഡിലേക്കും ഒടുക്കി രശീതികൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനുമുൻപേ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചു- അപാകത.

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതു സമ്പന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളുടെ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 01.06.2021ലെ ഉത്തരവ് നമ്പർ എ.ഒ/5353/2021 പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് 5,10,401/- രൂപ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. വൗച്ചർ നമ്പർ 22100196/01-06-2021,ചെക്ക് നമ്പർ.20018/01-06-2021 പ്രകാരം 4,26,707/-രൂപയും,വൗച്ചർ നമ്പർ 22100227/11-06-2021 പ്രകാരം 83,694/-രൂപയും ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മാറിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക. | ആർജിത അവധി സറണ്ടർ ഇനത്തിൽ അനുവദിച്ച തുക. |
|---|---|---|
| 1 | അഷറഫ്.എം ഡ്രൈവർ ഗ്രേഡ്.I | 32,765 |
| 2 | ബിജു പോൾ.ക്ലാർക്ക് | 40,515 |
| 3 | ചന്ദ്രശേഖരൻ. ക്ലാർക്ക് | 29,555 |
| 4 | ജോജോ അലക്സ്. സീനിയർ ക്ലാർക്ക് | 58,386 |
| 5 | മനോജ് കുമാർ.എൻ.കെ.സീനിയർ ക്ലാർക്ക് | 45,843 |
| 6 | പ്രിനീഷ് കുമാർ.അക്കൗണ്ടന്റ് | 51,837 |
| 7 | രാജേഷ്.സി.സീനിയർ ക്ലാർക്ക് | 49,395 |
| 8 | സീന.എൻ.എൻ.ക്ലാർക്ക് | 30,304 |
| 9 | ഷംസുദ്ദീൻ.എം.ക്ലാർക്ക് | 31,053 |
| 10 | സുദീപ്.എസ്.ഹെഡ് ക്ലാർക്ക് | 57,054 |
| 11 | ബാലകൃഷ്ണൻ.കെ. സെക്രട്ടറി | 83,694 |
| | ആകെ | 5,10,401 |

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായ് ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സമ്പന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.06/05.10.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് നൽകിയ മറുപടിയിൽ മേൽപ്പറഞ്ഞ ട്രഷറി വകുപ്പ് ഡയറക്ടറുടെ കത്ത് പഞ്ചായത്ത് ഓഫീസിൽ ആർജിത അവധി സറണ്ടർ തുക മാറുന്നത് വരെ അയച്ചു നൽകിയിട്ടില്ല എന്ന വിശദീകരണമാണ് ലഭ്യമാക്കിയിട്ടുള്ളത്. സാമ്പത്തിക നിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ എല്ലാ വകുപ്പുകൾക്കും ബാധകമാണ്. ഇത്തരം നിയന്ത്രണങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**<u>1-16 തൊഴിലുറപ്പ് പദ്ധതി -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തില്ല.</u>**

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്കു മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961

ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചതായി കാണുന്നില്ല. പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി. യുടെയും (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) ആദായ നികുതിയുടേയും (1%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | എഫ്.ടി.ഒ. നമ്പർ & തിയതി | ഈടാക്കേണ്ട GST | ഈടാക്കേണ്ട IT |
|---|---|---|---|---|---|---|
| 1 | ചാമുണ്ടിക്കുന്ന് അങ്കൺവാടി തട്ട് അടുക്കം റോഡ് കോൺക്രീറ്റ് | രാജീവ് ജി.എസ്. | 3,99,306.6 | 590213/ 01.01.2021 | 7,986/- | 3,993 /- |
| 2 | ചാമുണ്ടിക്കുന്ന് മാവുങ്കാൽ കോളനി റോഡ് കോൺക്രീറ്റ് | രാജീവ് ജി.എസ്. | 3,99,306.6 | 533757/ 11.12.2020 | 7,986/- | 3,993 /- |
| 3 | നെല്ലിക്കുന്ന് കേളപ്പൻക്കയം റോഡ് കോൺക്രീറ്റ് | രാജീവ് ജി.എസ്. | 3,97,542.6 | 577162/ 29.12.2020 | 7,951/- | 3,975/- |
